# TRAVANCORE DEVASWOM BOARD

WORKS DEPARTMENT

Office of the ***Assistant Engineer***
**Aluva**
Email: - aetdbaluva@gmail.com

## ലേല പരസ്യം

തിരുവിതാകൂർ ദേവസ്വം ബോർഡിൻറെ നോർത്ത് പറവൂർ ഗ്രൂപ്പിൽപ്പെട്ട **ഇരിഞ്ഞാലക്കുട പുത്തൻചിറ (സൗത്ത്) പാറമേൽ തൃക്കോവിൽ ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ പ്രദക്ഷിണവഴി നിർമ്മിക്കുന്നതിന് തടസ്സമായി ക്ഷേത്രത്തിനു തെക്കുവശത്തായി സ്ഥിതിചെയ്യുന്ന പഴയ ഓടിട്ട കെട്ടിടം നിലവിലുള്ള അവസ്ഥയിൽ 16-04-2022 ശനിയാഴ്ച പകൽ 11 മണിക്ക് ക്ഷേത്രാങ്കണത്തിൽ വെച്ച് പരസ്യമായി ലേലം ചെയ്യുന്നു**. ലേലത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ അന്നേദിവസം 11 മണിക്ക് മുമ്പായി ക്ഷേത്രത്തിലുള്ള ദേവസ്വം ഓഫീസിൽ ഹാജരായി 500 രൂപ നിരതദ്രവ്യം കെട്ടിവെച്ചു പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. മുദ്രവെച്ച കൊട്ടേഷനുകൾ സമർപ്പിക്കേണ്ടവർ 14-04-2022 വൈകുന്നേരം 5 മണിക്ക് മുമ്പായി ആലുവ അസിസ്റ്റന്റ് എൻജിനീയർ ആഫീസിൽ നിശ്ചിത നിരതദ്രവ്യം ഉൾപ്പടെ ഹാജരാക്കേണ്ടതാണ്. **കൂടുതൽ തുകക്ക് ലേലം വിളിക്കുന്നയാൾ നിരതദ്രവ്യം ഉൾപ്പടെ ലേലത്തുകയും ലേലത്തുകയുടെ 18% GST യും കൂടി ഉടനടി കെട്ടിവെക്കേണ്ടതാണ്.** ഏറ്റവും കൂടുതൽ തുകക്ക് ലേലം വിളിക്കുന്ന ആളിന്റെ പേരിൽ ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തുന്നതും ഡിപ്പാർട്മെന്റിൽ നിന്നും അന്തിമ അനുവാദം ലേലം കൊണ്ട വ്യക്തിക്ക് ലഭിച്ചു 10 ദിവസത്തിനകം ടി കെട്ടിടം സ്വന്തം ചെലവിൽ പൂർണമായി തറനിരപ്പിൽ പൊളിച്ചുകൊണ്ടു പോകേണ്ടതാണ്. ലേലത്തിൽ പങ്കെടുത്ത ബാക്കിയാളുകളുടെ നിരതദ്രവ്യം ലേലം അവസാനിക്കുന്ന മുറക്ക് തിരികെ നൽകുന്നതാണ്. ലേലത്തെപ്പറ്റിയുള്ള കൂടുതൽ വിവരങ്ങൾ തിരുവിതാകൂർ ദേവസ്വം ബോർഡ് കോട്ടയം എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയത്തിൽ നിന്നോ ആലുവ അസിസ്റ്റന്റ് എൻജിനീയറുടെ കാര്യാലയത്തിൽ നിന്നോ പ്രവർത്തി ദിവസങ്ങളിൽ ആഫീസ് സമയത്തു അറിയാവുന്നതാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിലവിലുള്ള ചട്ടങ്ങൾ ഈ ലേലത്തിനും ബാധകമായിരിക്കും. ലേലം സ്ഥിരപ്പെടുത്തിയതിനു ശേഷം ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് ഡിപ്പാർട്മെന്റ് ഉത്തരവാദിയായിരിക്കുന്നതല്ല. നിശ്ചിത സമയത്തിനുള്ളിൽ ലേലം കൊണ്ട കെട്ടിടം പൊളിച്ചു മാറ്റിയില്ലെങ്കിൽ ലേലത്തുക മുഴുവനായും ഡിപ്പാർട്മെന്റിലേക്കു മുതൽക്കൂട്ടി തുടർനടപടികൾ സ്വീകരിക്കുന്നതായിരിക്കും. ലേലം സ്ഥിരപ്പെടുത്തുന്നതിനും നിരാകരിക്കുന്നതിനുമുള്ള പൂർണമായ അധികാരം തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിക്ഷിപ്തമായിരിക്കും.

ആലുവ, (ഒപ്പ്)

06 -04 -2022 അസിസ്റ്റന്റ് എഞ്ചിനീയർ

ആലുവ (Ph: 9447774000)